"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ചെങ്ങന്നൂർ നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വകുപ്പ് തല നടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2343/2023/LSGD തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26-5-2016ലെ ഇ4(SC 6/16/ALP)9081/16 നമ്പർ കത്ത്.
2. 24-11-2017ലെ ഇയു3/240/2017/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക
3. 14-2-2018ലെ ശ്രീ ബിനു ആർ സമർപ്പിച്ച മറുപടി.

4 11-7-2018 തീയതിയിലെ ശ്രീമതി മഞ്ജു സി ഗോപൻ സമർപ്പിച്ച മറുപടി.

5 ശ്രീമതി അശ്വതി പി.സി സമർപ്പിച്ച മറുപടി.

6 നഗരകാര്യഡയറക്ടറുടെ 19-7-2018ലെ വി1-38029/17 നമ്പർ കത്ത്.

7 പ്രിൻസിപ്പൽ ഡയറക്ടറുടെ 5-7-2023ലെ LSGD/PD/3152/2023-VIGA6

**ഉത്തരവ്**

പരാമർശം (1) റിപ്പോർട്ട് പ്രകാരം ചെങ്ങന്നൂർ നഗരസഭയിൽ 16-1-2016 രാവിലെ 11 മണിക്ക് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ടിൽ, അറ്റൻഡൻസ് രജിസ്റ്ററിൽ FN, AN എന്നീ കോളങ്ങളിൽ ഒന്നിച്ച് ഇൻഷ്യൽ ചെയ്തിരിക്കുന്നു എന്ന് കണ്ടെത്തിയ നഗരസഭയിലെ ഉദ്യോഗസ്ഥരായ ശ്രീ.ആർ.ബിനു (ഡ്രൈവർ), ശ്രീമതി. മഞ്ജു സി.ഗോപാൽ (ഓഫീസ് അറ്റൻഡന്റ്, ജനറൽ വിഭാഗം), ശ്രീമതി.അശ്വതി.പി.എസ് (ഫീമെയിൽ അറ്റൻഡന്റ്, ജനറൽ വിഭാഗം) എന്നിവർക്ക് KCS(CC&A) Rules 1960 ലെ ചട്ടം 16 പ്രകാരം പരാമർശം (2) കുറ്റാരോപണ മെമ്മോ/പത്രിക നല്കിയിരുന്നു. പരാമർശം (3),(4),(5) പ്രാകരം ആയതിന് ടി ജീവനക്കാർ പ്രതിവാദ പത്രിക ലഭ്യമാക്കിയിരുന്നു. പരാമർശം (6),(7) പ്രകാരം നഗരകാര്യ ഡയറക്ടർ/പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, ടി ജീവനക്കാർ ടി ദിവസത്തിലല്ലാതെ ഇത്തരത്തിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ് എന്നും ഡ്രൈവർ ശ്രീ.ആർ.ബിനു, അന്നേ ദിവസം ആലപ്പുഴ കളക്ടറേറ്റിൽ മീറ്റിംഗിനായി മേലധികാരിയെ കൊണ്ടുപോകേണ്ടിയിരുന്നതിനാലാണ് മേലധികാരിയുടെ അനുവാദത്തോടെ അപ്രകാരം ഹാജർ രേഖപ്പെടുത്തിയത് എന്നും കുമാരി അശ്വതി പി.സി ഉച്ചക്ക് ശേഷം രേഖപ്പെടുത്തേണ്ട ഇനീഷ്യൽ അബദ്ധവശാൽ രാവിലെ രേഖപ്പെടുത്തിപ്പോയതാണ് എന്നും ടിയാളകൾക്കെതിരെ ടി വിഷയത്തിലോ മറ്റേതെങ്കിലും വിഷയത്തിലോ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ് എന്നും അറിയിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനാ റിപ്പോർട്ടിന്റേയും ടിയാൾക്കാർ സമർപ്പിച്ച മറുപടിയുടെയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചെങ്ങന്നൂർ നഗരസഭയിൽ 16-1-2016ന് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ അറ്റൻഡൻസ് രജിസ്റ്ററിൽ FN, AN എന്നീ കോളങ്ങളിൽ ഒന്നിച്ച് ഇൻഷ്യൽ ചെയ്തിരിക്കുന്നതായി കണ്ടെത്തിയ ശ്രീ.ആർ.ബിനു (ഡ്രൈവർ), ശ്രീമതി.മഞ്ജു സി.ഗോപാൽ (ഓഫീസ് അറ്റൻഡന്റ്, ജനറൽ വിഭാഗം), ശ്രീമതി.അശ്വതി.പി.എസ് (ഫീമെയിൽ അറ്റൻഡന്റ്, ജനറൽ വിഭാഗം) എന്നീ വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ KCS(CC&A) Rules 1960 ലെ ചട്ടം 16 പ്രകാരം സെൻഷർ (ശാസന) നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ശ്രീ.ആർ.ബിനു, ഡ്രൈവർ, ചെങ്ങന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.മഞ്ജു സി.ഗോപാൽ, ഓഫീസ് അറ്റൻഡന്റ്, ജനറൽ വിഭാഗം,ചെങ്ങന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.അശ്വതി.പി.എസ്, ഫീമെയിൽ അറ്റൻഡന്റ്, ജനറൽ വിഭാഗം, ചെങ്ങന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-11-2023 16:52:01
സെക്ഷൻ ഓഫീസർ